പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

08-06-2018-ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1665

# വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.ഡി.കെ. മുരളി** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | **(എ)** നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** ഏതെല്ലാം തരത്തിലുള്ള കൃഷിനാശത്തെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | **(ബി)** വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം, എന്നീ തരത്തിലുള്ള കൃഷി നാശത്തിനാണ് പദ്ധതി സംരക്ഷണം നൽകുന്നത്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽ കൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീട രോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(സി)** തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ചു ഇരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വിള | മുമ്പ് ഉണ്ടായിരുന്നത് | വർദ്ധിപ്പിച്ചത് |
|---|---|---|
| നെല്ല് | 45 ദിവസത്തിനുള്ളിൽ രൂ.3000/ha<br>45 ദിവസത്തിനുശേഷം രൂ.5000/ha | 45 ദിവസത്തിനുള്ളിൽ രൂ.15000/ha<br>45 ദിവസത്തിനുശേഷം രൂ.35000/ha |

| | | |
|---|---|---|
| പച്ചക്കറികൾ | പന്തലില്ലാത്തതിന് രൂ.15000/ha പന്തലുള്ളതിനു രൂ.25000/ha | പന്തലില്ലാത്തതിന് രൂ.25000/ha പന്തലുള്ളതിനു രൂ.40000/ha |
| കുരുമുളക് | ഓരോ താങ്ങു മരത്തിനും രൂ. 40 വീതം | ഓരോ താങ്ങു മരത്തിനും രൂ. 200 വീതം |
| ഏലം | രൂ.30000/ha | രൂ.60000/ha |
| ഇഞ്ചി | രൂ.40000/ha | രൂ.80000/ha |
| മഞ്ഞൾ | രൂ.40000/ha | രൂ.60000/ha |
| ജാതി | രൂ.200/മരം | രൂ.3000/മരം |
| ഗ്രാമ്പൂ | രൂ.150/മരം | രൂ.1000/മരം |

(ഡി) ഈ സർക്കാർ ഏതെല്ലാം ഇനങ്ങളെയാണ് പുതിയതായി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി) കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

RG.